## വിദ്യാലയ വികസന രേഖ

# വിഷൻ

## അക്കാദമിക് മാസ്റ്റർ പ്ലാൻ


## എ. എൽ. പി. സ്കൂൾ വാളക്കുളം

alpsvalakulam@gmail.com

# ലക്ഷ്യങ്ങൾ

ഇപ്പോൾ വിദ്യാലയത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മാത്രമല്ല , വർഷങ്ങൾക്കു ശേഷം വരാനിരിക്കുന്ന കുട്ടികളെ കൂടി പരിഗണിച്ചുകൊണ്ട്, മാറ്റങ്ങളെ മുന്നിൽ കണ്ടും അതനുസരിച്ച് മാറാനും , മാറ്റങ്ങളുമായി വേഗത്തിൽ പൊരുത്തപ്പെട്ടു കൊണ്ടും സമഗ്ര വികസനത്തിനുള്ള പദ്ധതികൾ രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിയ്ക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കുക ; കലാ - കായിക, ആരോഗ്യ രംഗങ്ങളിൽ മികവു പുലർത്താൻ കഴിയുക ; വ്യക്തിത്വ വികസനം സാധ്യമാവുക എന്നിവയും ഇതിന്റെ ലക്ഷ്യങ്ങളിൽ പെടുന്നു.

# ആമുഖം

വടക്കുനിന്നും പടിഞ്ഞാറോട്ടൊഴുകുന്ന കടലുണ്ടി പ്പുഴയുടെയും തെക്ക് നാഷണൽ ഹൈവേയുടെയും ഇടയിൽ, വിദ്യാഭ്യാസ പരമായി വളരെ പിന്നോക്കം നിന്നിരുന്ന വാളക്കുളം പ്രദേശത്തെ ഏക കുടിപ്പള്ളിക്കൂടമായിരുന്ന ഈ വിദ്യാലയം 1941 ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ വാളക്കുളം എ.എൽ.പി സ്കൂൾ എന്ന പേരിൽ സ്ഥാപി തമായി . പരപ്പിൽ പരിയാരത്ത് മാധവ മേനോൻ ആയിരുന്നു സ്ഥാപക മാനേജർ. 67 കുട്ടികളും 3 ആദ്ധ്യാപകരുമാണ് അന്നുണ്ടായിരുന്നത്.

1981 ൽ സ്ഥലത്തിന്റെ അഭാവം മൂലം അംഗീകാരം നഷ്ടപ്പെടുമെന്ന ഘട്ടം വന്നപ്പോൾ നാട്ടുകാർ സർവ്വാത്മനാ ഇടപ്പെട്ടതിന്റെ ഫലമായി ആത്യാവശ്യം സ്ഥലം കണ്ടെത്താൻ കഴിഞ്ഞു. എങ്കിലും സമഗ്രമായ വിദ്യാലയ വികസനം ഇനിയും ബഹുദൂരം അകലെയാണ്. 2002 മുതൽ മറിയുമ്മ കോഡൂർ മാനേജരായി തുടരുന്നു.

പരമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഈ വിദ്യാലയം അക്കാദമിക രംഗത്ത് മുന്നേറ്റം സൃഷ്ടിക്കുന്നുണ്ട്. മിക്ക വർഷങ്ങളിലും എൽ.എസ്.എസ് പരീക്ഷയിൽ മികച്ച പ്രകടനം കാഴ്ച വെയ്ക്കുന്നു. എഞ്ചിനീയറിംഗ്, മെഡി ക്കൽ രംഗത്തും, മറ്റുയർന്ന മേഖലകളിലും ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികൾ ശോഭിക്കുന്നുണ്ട്. പഠന രംഗത്ത് മികച്ച നിലവാരം പുലർത്തുന്നവർക്ക് എൻഡോവ്മെന്റുകളും ക്യാഷ് അവാർഡുകളും നൽകി വരുന്നു.

കലാ രംഗത്ത് നമ്മുടെ വിദ്യാലയത്തിന് അർഹമായ സ്ഥാനമുണ്ട്. . കുട്ടികളിൽ നേതൃത്വപാടവം, സാമൂഹിക ബോധം എന്നിവ വളർത്തുന്നതിനു വേണ്ടി വിദ്യാ രംഗം കലാ സാഹിത്യവേദി, ശാസ്ത്ര ക്ലബ്ബ് , പരിസ്ഥതി ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്, ബുൾ ബുൾ എന്നിവയും 2023-24 അദ്ധ്യയന വർഷം മുതൽ JRC യും പ്രവർത്തിക്കുന്നു.

ഈ സ്കൂളിന്റെ വികസനത്തിനു പിന്നിൽ ശക്തമായ പി.ടി.എ, എം.ടി.എ. എസ്.എസ്. ജി എന്നിവ പ്രവർത്തിക്കുന്നുണ്ട്. രക്ഷിതാക്കളുടെ ശക്തമായ ഇട പെടലും അധ്യാപകരുടെ കൂട്ടായ്മയും വിദ്യാഭ്യാസ നിലവാരം ഉയരുന്നതിന് സഹായകമാകുന്നുണ്ട്.

ഈ വിദ്യാലയത്തിന് അക്കാദമിക രംഗത്തും ഭൗതിക രംഗത്തും ഇനിയും ഒരുപാട് മുന്നേറാനുണ്ട്. അതിനു വേണ്ടി അടുത്ത ഏതാനും വർഷങ്ങൾ കൊണ്ട് പാഠ്യ-പാഠ്യേതര രംഗത്ത് നമ്മുടെ സ്കൂൾ മികവിന്റെ കേന്ദ്രമാക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു മാസ്റ്റർ പ്ലാൻ നമുക്ക് തയ്യാറാക്കാം

# മേഖല : അക്കാദമികം

ഉപമേഖല : ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയ ക്രമം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ ഭാഷാ നിലവാരം തിരിച്ചറിയൽ | • പ്രീ ടെസ്റ്റ്<br>• കേസ് സ്റ്റഡി | ജൂൺ | അധ്യാപകർ | |
| വായനയിൽ താല്പര്യം ജനിപ്പിക്കൽ | • വായനാ മൂല<br>• ക്ലാസി ലൈബ്രറി<br>• ലൈബ്രറി ശാക്തീകരണം<br>• പത്ര ക്വിസ് | ജൂലൈ | SRG<br>PTA | |
| രചനാപരമായ കഴിവുകൾ വളർത്തൽ | • സാഹിത്യ സമാജം<br>• എഴുത്തു കൂട്ടം<br>• മാഗസിൻ | ജൂലൈ<br>ആഗസ്റ്റ് | അധ്യാപകർ | |

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ ശേഷി വികസനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയ ക്രമം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിനോട് താല്പര്യം ജനിപ്പിക്കൽ | • ഇംഗ്ലീഷ് ഭാഷ സ്വായത്തമാക്കാൻ കഴിയുന്ന തരത്തിൽ വിദ്യാലയ അന്തരീക്ഷം ഒരുക്കൽ | ജൂൺ | SRG | |
| പദ സമ്പത്ത് വർദ്ധിപ്പിക്കൽ | • സ്കൂളിലുള്ള എല്ലാ സാധനങ്ങൾക്കും ഇംഗ്ലീഷ് ലേബൽ പതിപ്പിക്കൽ | ജൂൺ | SRG | |

| | | | | |
|---|---|---|---|---|
| | • വിവിധ സ്ഥലങ്ങളിൽ നിർദ്ദേശങ്ങൾ ഇംഗ്ലീഷിൽ എഴുതി ഒട്ടിക്കൽ | | | |
| ഇംഗ്ലീഷ് വായിക്കാനും എഴുതാനും പ്രാപ്തമാക്കൽ | • വൺഡേ വൺ വേർഡ്<br>• ഇംഗ്ലീഷ് ഡേ<br>• ഇംഗ്ലീഷ് ഫെസ്റ്റ്<br>• കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ എല്ലാ അധ്യാപകർക്കും പരിശീലനം | ജൂലൈ ആഗസ്റ്റ് | SRG | |

ഉപമേഖല : ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയ ക്രമം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത താൽപര്യം വർദ്ധിപ്പിക്കുക | • കളികളിലൂടെ ഗണിത പഠനം<br>• ടാൻഗ്രാം | ജൂൺ | SRG | |
| അടിസ്ഥാന ക്രിയകൾ ഉറപ്പിക്കൽ | • കുസൃതി കണക്ക് ഗണിത ക്വിസ്<br>• സി ഡി പ്രദർശനം<br>• പഠന സാമഗ്രികൾ നിർമ്മിക്കൽ | ജൂലൈ ആഗസ്റ്റ് | അധ്യാപകർ | |
| പ്രശ്നങ്ങൾ അപഗ്രഥിക്കാനും വിശകലനം ചെയ്ത് പരിഹരിക്കാനുള്ള കഴിവ് | • കളികളിലൂടെ ഗണിത പഠനം<br>• പസിൽ | ജൂലൈ മാർച്ച് | അധ്യാപകർ | |

ഉപ മേഖല : ഹിന്ദി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയ ക്രമം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി ഭാഷയിൽ താല്പര്യം വർദ്ധിപ്പിക്കൽ | • ചിത്രങ്ങളിലൂടെ അക്ഷരം | ജൂലൈ ആഗസ്റ്റ് | അധ്യാപകർ | |
| അക്ഷരങ്ങളും അടിസ്ഥാന വാക്കുകളും പഠിച്ചെടുക്കൽ | • ചിത്രങ്ങളിലൂടെ അക്ഷരം<br>• വാക്ക് ഉറപ്പിക്കൽ ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരക്കാർഡ് തയ്യാറാക്കൽ | ജൂലൈ - മാർച്ച് | അധ്യാപകർ | |

ഉപമേഖല : ശാസ്ത്രം , സാമൂഹ്യശാസ്ത്രം / പരിസര പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയ ക്രമം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളിലും ശാസ്ത്ര താൽപര്യം വളർത്തിയെടുക്കൽ പരിസ്ഥിതിയോട് ഇണങ്ങിച്ചേരൽ | • ശാസ്ത്ര ക്ലബ്ബ്<br>• സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്<br>• സയൻസ് ലാബ് ശക്തിപ്പെടുത്തൽ | ജൂൺ - സെപ്റ്റംബർ | അധ്യാപകർ<br>പി ടി എ | |
| സാമൂഹ്യ ബോധം വളർത്തൽ | • സാമൂഹ്യശാസ്ത്ര ലാബ് ശക്തി പ്പെടുത്തൽ , മേള<br>• അതിഥി ക്ലാസ് | ജൂൺ - സെപ്റ്റംബർ | അധ്യാപകർ | |

ഉപമേഖല : ഐടി അധിഷ്ഠിത പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയ ക്രമം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| എല്ലാ കുട്ടികളെയും ഐടി സാക്ഷരതാക്കുക | • കുട്ടികൾക്കായി പരിശീലനം<br>• അതിഥി ക്ലാസുകൾ | ജൂലൈ - മാർച്ച് | അധ്യാപകർ | |
| എല്ലാ അധ്യാപകരെയും ഐടി സേവനത്തിന് പ്രാപ്തരാക്കൽ | • അധ്യാപകർക്ക് ഐടി പരിശീലനം മലയാളം ഇംഗ്ലീഷ് ടൈപ്പിംഗ്പരിശീലനം | ജൂലൈ - മാർച്ച് | അധ്യാപകർ | |

ഉപമേഖല : കലാപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയ ക്രമം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് കലാ പഠനത്തിന് അവസരം ഒരുക്കൽ | • പ്രാദേശികമായി ലഭിക്കാവുന്ന വിദഗ്ധരെ ഉൾപ്പെടുത്തി കുട്ടികൾക്ക് പരിശീലനം സംഘടിപ്പിക്കൽ | ജൂലൈ | അധ്യാപകർ<br>പി ടി എ | |
| കുട്ടികളുടെ കഴിവുകൾ പരിപോഷിപ്പിക്കൽ | • മേളകൾക്കും മറ്റും ആവശ്യമായ മുന്നൊരുക്കം | ജൂലൈ | അധ്യാപകർ<br>പി ടി എ | |
| മേളകളിൽ മികച്ച വിജയം കൈവരിക്കൽ | • സ്കൂൾതല മേളകൾ സംഘടിപ്പിക്കൽ | ആഗസ്റ്റ് | അധ്യാപകർ | |

ഉപമേഖല : ആരോഗ്യ കായിക വിദ്യാഭ്യാസം (ഭക്ഷണം, ശുചിത്വം ,ആരോഗ്യം)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയ ക്രമം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികവും മാനസികവുമായ വളർച്ച ഉറപ്പുവരുത്തൽ | • തെറ്റായ ഭക്ഷണ രീതികളെ കുറിച്ചുള്ള ബോധവൽക്കരണം | ജൂലൈ - മാർച്ച് | അധ്യാപകർ | |
| നല്ല ഭക്ഷണ ശീലങ്ങളും നല്ല ആരോഗ്യ ശീലങ്ങളും വളർത്തൽ | • ഭക്ഷണം പാഴാക്കി കളയുന്ന രീതി തെറ്റാണെന്ന് ബോധ്യപ്പെടുത്തുക<br>• ടോയ്‌ലറ്റ് വൃത്തിയായി സൂക്ഷിക്കാൻ പരിശീലിപ്പിക്കുക<br>• അതിഥി ക്ലാസുകൾ | ജൂലൈ - മാർച്ച് | അധ്യാപകർ | |

ഉപമേഖല : പ്രവർത്തി പരിചയ പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയ ക്രമം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠനത്തോടൊപ്പം വിവിധ കൈ തൊയിലുകളിൽ പരിശീലനം | • സ്കൂൾ പരിസരത്ത് വിവിധ പ്രവർത്തിപരിചയ ഇനങ്ങൾ ചെയ്യാൻ | ജൂലൈ - മാർച്ച് | അധ്യാപകർ പി ടി എ | |

| | | | | |
|---|---|---|---|---|
| | കഴിയുന്ന വ്യക്തികളെ ഉപയോഗപ്പെടുത്തി കുട്ടികൾക്ക് പരിശീലനം നൽകുക | | | |
| പാഴ്വസ്തുക്കളുടെ ശാസ്ത്രീയമായ പുനരുപയോഗം | • കുട്ടികൾക്ക് പരിശീലനം<br>• സ്കൂൾ പ്രവർത്തി പരിചയമേള<br>• കുട്ടികളുടെ ഉത്പന്നങ്ങളുടെ പ്രദർശനം | ജൂലൈ - മാർച്ച് | അധ്യാപകർ<br>പി ടി എ | |

ഉപമേഖല : പി.ടി.എ ശാക്തികരണം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയ ക്രമം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ രക്ഷിതാക്കളെയും വിദ്യാലയത്തിലേക്ക് ആകർഷിക്കൽ | • ഗ്രഹ സന്ദർശനം<br>• കോർണർ പി ടി എ | ജൂലൈ | അധ്യാപകർ | |
| സ്കൂൾ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സേവനം ഉറപ്പുവരുത്തൽ | • കുട്ടികളുടെ മികവുകൾ സോഷ്യൽ മീഡിയ വഴി രക്ഷിതാക്കൾ എത്തിക്കൽ<br>• രക്ഷിതാക്കൾക്ക് മൽസരങ്ങൾ | ജൂലൈ - മാർച്ച് | അധ്യാപകർ | |

## മേഖല ക്ലബ്ബുകൾ വ്യക്തിത്വ വികസനത്തിന്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയ ക്രമം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ വ്യക്തിത്വ വികസനത്തിനുള്ള വേദികൾ ഒരുക്കൽ | • വിവിധ ക്ലബ്ബുകളുടെ രൂപീകരണം | ജൂൺ | അധ്യാപകർ | |
| പഠനപ്രക്രിയയെ സമൂഹവുമായി ബന്ധപ്പെടുത്തുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കൽ | • ദിനാചരണ കലണ്ടർ<br>• ക്ലബ്ബുകൾക്ക് വാർത്ത ബോർഡ്<br>• സോഷ്യൽ മിഡിയ പേജ് | ജൂൺ - മാർച്ച് | അധ്യാപകർ | |
| കുട്ടികൾ നേതൃപാഠവം സൃഷ്ടിക്കൽ | • ബുൾബുൾ പ്രവർത്തനങ്ങൾ സജീവമാക്കൽ<br>• ജൂനിയർ റെഡ് ക്രോസ് രൂപീകരണം | ജൂൺ | അധ്യാപകർ | |

## മേഖല ഭൗതികം

ഉപമേഖല : ഐടി ലാബ് / സ്മാർട്ട് ക്ലാസ് റൂം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയ ക്രമം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്മാർട്ട് റൂംമുകൾ സജ്ജീകരിക്കൽ | • ഒന്നാം നിലയിലെ രണ്ട് ക്ലാസ് റൂമുകൾ സ്മാർട്ട് റൂമുകളായി സജ്ജീകരിക്കുന്ന | ജൂൺ - ആഗസ്റ്റ് | പി ടി എ മാനേജർ | |

| | | | | |
|---|---|---|---|---|
| | തിനാവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നു .<br>• ലഭ്യമായ എൽ സി ഡി പ്രൊജക്ടർ , ലാപ് ടോപ്പ് എന്നിവ സ്ഥിരമായി അവിടെ കണക്ട് ചെയ്യുന്നു | | | |

ഉപമേഖല : മാലിന്യമുക്ത ക്യാമ്പസ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയ ക്രമം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗ്രീൻ പ്രോട്ടോകോൾ ആശയം കുട്ടികളിലും രക്ഷിതാക്കളിലും എത്തിക്കൽ | • പ്ലാസ്റ്റിക്കിന്റെ ദോഷവശങ്ങളെ കുറിച്ച് കുട്ടികൾക്കും രക്ഷിതാ ക്കൾക്കും ബോധവൽക്കരണം | ജൂൺ - മാർച്ച് | അധ്യാപകർ | |
| സ്കൂളിൽ പ്ലാസ്റ്റിക് നിരോധനം | • കുട്ടികളും അധ്യാപകരും പ്ലാസ്റ്റിക് പൂർണ്ണമായും ഒഴിവാക്കുന്നു | ജൂൺ - മാർച്ച് | അധ്യാപകർ | |
| പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് / വേയ്സ്റ്റ് ബിന്നുകൾ സ്ഥാപിക്കൽ | • ശുചിത്വ മിഷനുമായി ബന്ധപ്പെട്ട പ്ലാന്റ് നിർമ്മാണം | ആഗസ്റ്റ്- നവംബർ | പി ടി എ മാനേജർ | |

ഉപമേഖല : കെട്ടിട സൗകര്യം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയ ക്രമം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ക്ലാസ് റൂമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ | • ക്ലാസ് റൂം ടൈൽസ് പതിച്ച് വൃത്തിയാക്കുക<br>• ഷെൽഫും മറ്റും സജ്ജീകരിക്കുക<br>• പ്രീ പ്രൈമറി ക്ലാസുകൾ കൂടി പൂർണമായും സ്കൂൾ ക്യാമ്പസിൽ തന്നെ നടത്തുന്നതിന് ആവശ്യമായ സജ്ജീകരണം ഏർപ്പാടാക്കുക | | പി ടി എ മാനേജർ | |
| ടോയ് ലറ്റ് സൗകര്യം വർദ്ധിപ്പിക്കൽ | • എല്ലാ കുട്ടികൾക്കും ഉപയോഗിക്കാൻ കഴിയുന്ന വിധം ആവശ്യത്തിനുള്ള ടോയ് ലറ്റ് / യൂറിനൽ നിർമ്മാണം | | പി ടി എ മാനേജർ | |

# ഉപ സംഹാരം

അടുത്ത ഏതാനും വർഷത്തേക്കുള്ള സമഗ്രമായ ഒരു വികസന പദ്ധതിയാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ നിന്നും ഓരോ വർഷത്തേക്കുമുള്ള പദ്ധതികൾ നിശ്ചിത വിഷയ ഗ്രൂപ്പുകൾ തെരഞ്ഞെടുത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കും. ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യും.

ജനകീയ പങ്കാളിത്തത്തോടെ ഓരോ പദ്ധതിയും നടപ്പിലാക്കുന്നതിൽ ആവശ്യമായ വിഭവങ്ങൾ കണ്ടെത്തി വിദ്യാലയത്തെ ഉന്നത നിലവാരത്തിലെത്തിക്കുന്നതിനുള്ള കാര്യങ്ങളാണ് നമ്മൾ ആസൂത്രണം ചെയ്തിരിക്കുന്നത്. അവ യാതാർത്ഥ്യമാക്കാൻ നമുക്കൊരുമിച്ച് പരിശ്രമിക്കാം.

# എ. എൽ. പി. സ്കൂൾ വാളക്കുളം

alpsvalakulam@gmail.com